## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 237** **01.04.2013 ൽ മറുപടിയ്ക്ക്**

**ഡാം സുരക്ഷാ അതോറിറ്റിയുടെ ശുപാർശകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സുരക്ഷാ നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും ഡാം സുരക്ഷാ അതോറിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) കേരളത്തിലെ ഡാമുകളിൽ "സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസ്" (സെസ്സ്) ഭൂകമ്പ സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; സെസ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) ഭൂമികുലുക്കം പഠിക്കുന്നതിനായി ഏതെല്ലാം ഡാമുകളിലാണ് "സ്ട്രോങ്ങ് മോഷൻ ആക്സിലോഗ്രാഫ്" സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ സ്ട്രോങ്ങ് മോഷൻ ആക്സിലോഗ്രാഫ് സ്ഥാപിച്ചിട്ടില്ല. കെ.എസ്.ഇ.ബി-യുടെ ഇടുക്കി, ഇടമലയാർ എന്നീ ഡാമുകളിൽ സ്ട്രോങ്ങ് മോഷൻ ആക്സിലോഗ്രാഫ് സ്ഥാപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏതെല്ലാം ഇനത്തിൽ എന്തു തുക തന്നാണ്ടിൽ വകയിരുത്തിയിരുന്നു; പ്രസ്തുത ഇനങ്ങളിൽ ചെലവഴിച്ചതെത്രയെന്നറിയിക്കുമോ? | (ഡി) | അണക്കെട്ടുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 2701-80-800-92 എന്ന ശീർഷകത്തിൽ 10,00,000/- രൂപയും 4700-80-800-97 എന്ന ശീർഷകത്തിൽ 162.85 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ യഥാക്രമം 9,65,158 രൂപയും 158.17 ലക്ഷം രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം ഡാം സേഫ്റ്റി പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി-യുടെ ബഡ്ജറ്റിൽ 663.94 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 361.77 ലക്ഷം രൂപ 2013 ഫെബ്രുവരി മാസം വരെ ചെലവായി. |

സെക്ഷൻ ഓഫീസർ